LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദിച്ച വീടുകൾ

21 (2849) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം 2011-12 മുതൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണവും അതാത് വർഷം പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പൂർത്തീകരിച്ച സ്പിൽ-ഓവർ വീടുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന നടപ്പാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതുവരെ നൽകാനുള്ള കുടിശ്ശിക തുക എത്ര; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത എത്ര വീടുകളാണ് ഉള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇന്ദിരാ ആവാസ് യോജന ആരംഭിച്ച വർഷം മുതൽ പൂർത്തീകരിക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുന്ന വീടുകൾ പൂർത്തീകരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം 2011-12 മുതൽ അനുവദിച്ച വീടുകളുടെ എണ്ണവും പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും താഴെ കൊടുക്കുന്നു:

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം	അതാത് വർഷം പൂർത്തീകരിച്ച വീടുകളുടെ എണ്ണം
2011-12	54717	51140
2012-13	44980	41000
2013-14	42125	36211
2014-15	51261	34513
2015-16	52536	2404

(ബി) ഇക്കാലയളവിൽ പൂർത്തീകരിച്ച സ്പിൽ ഓവർ വീടുകളുടെ എണ്ണവും, വർഷവും തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	പൂർത്തീകരിച്ച സ്പിൽ ഓവർ വീടുകളുടെ എണ്ണം
2011-12	3373
2012-13	2607
2013-14	19785
2014-15	16032
2015-16	50132
ആകെ	**91929**

(സി) ഐ.എ.വൈ. പദ്ധതി നടപ്പിലാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതുവരെ അധിക സംസ്ഥാന വിഹിതത്തിൽ നൽകാനുള്ള കടിശ്ശിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	കടിശ്ശിക നൽകാനുള്ള തുക (കോടിയിൽ)
2011-12	12.24
2012-13	6.48
2013-14	7.87
2014-15	36.27
ആകെ	**62.86**

(ഡി) കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്ന ഐ.എ.വൈ. വീടുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം
2007-08 മുതൽ 2010-11 വരെ	1326
2011-12	2094
2012-13	3363
2013-14	6034
ആകെ	**12817**

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2007-08 മുതൽ 2010-11 വരെ പൂർത്തിയാകാതെ അവശേഷിക്കുന്ന 1326 വീടുകളുടെ യൂണിറ്റ് കോസ്റ്റ് 48,500 രൂപ വീടുകൾ പൂർത്തീകരിക്കുന്നതിന് മതിയാകാതെ വരുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത മറികടക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സംഭാവന, കമ്പനികളുടെ സി.എസ്.ആർ. സംഭാവനകൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള 4% പലിശ നിരക്കിലുള്ള വായ്പകൾ എന്നീ സ്രോതസ്സുകളിൽനിന്ന് അധിക വിഭവ സമാഹരണം നടത്തി മേൽപ്പടി വീടുകൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2011-12 മുതലുള്ള വീടുകളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾവഴി ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

സംയോജിത നീർത്തട പരിപാലന വികസന പദ്ധതി

22 (2850) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസമ്പുലിതാവസ്ഥ നിലനിർത്തുകയുമാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ലക്ഷ്യം. മഴവെള്ളം പരമാവധി സംഭരിക്കുവാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കാനും ഭൂഗർഭജലവിതാനം ക്രമമായി ഉയർത്തിക്കൊണ്ട് വരാനും

LIBRARY ARCHIVES Kerala Legislative Assembly